ങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു സ്ഥിരം ഏജൻസി എന്ന നിലയിൽ ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളാ റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ഡി.ഇ.ഒ.മാർക്ക് സ്റ്റൈപ്പെൻറ് നൽകുന്നതിനുള്ള നടപടി

1047 [1946] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നീ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററുകളിൽ പരിശീലനം നടത്തുന്ന വി. ഇ. ഒ.മാർക്ക് 1-4-86 മുതൽ സ്റ്റൈപ്പെൻറ് നൽകുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നീ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററുകളിൽ 1-4-1986 മുതൽ 5 മാസത്തെ കൺഡൻസ്ഡ് ട്രെയിനിംഗ് കോഴ്സിന് തിരഞ്ഞെടുത്ത വി.ഇ.ഒ.മാർക്ക് ട്രെയിനിംഗ് കാലത്ത് സ്റ്റൈപ്പെൻറ് നൽകുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. ശദ്ധ ക്ഷണിക്കൽ

(1) അംഗനവാടികളും അവിടെ സേവനമനുഷ്ഠിക്കുന്നവരും നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. കെ. കേശവൻ: സർ, കേരളത്തിലെ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ ആരംഭിച്ചിട്ടുള്ള അംഗനവാടികളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ഇന്നത്തെ പ്രയാസങ്ങളെക്കുറിച്ചും
9.30 A.M.] ബുദ്ധിമുട്ടുകളെക്കുറിച്ചും ഗവൺമെൻറിന്റെയും വകുപ്പു മന്ത്രിയുടേയും ശദ്ധയിൽപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ എൻ. ഇ. എസ്. ബ്ലോക്ക് അതിർത്തികളിൽ ഐ. സി. ഡി. എസ്. പ്രോജക്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികളിൽ പണിയെടുക്കുന്ന ഏഴായിരത്തിനും എണ്ണായിരത്തിനും ഇടയ്ക്കുള്ള സ്ത്രീകളാണ് ഉണ്ട്. ഇവരിൽ ഭൂരിപക്ഷവും വിദ്യാസമ്പന്നരായിട്ടുള്ളവരാണ്. ബി. എ.ക്കാരും ബി.എസ്.സി. ക്കാരും പ്രീഡിഗ്രി പാസ്സായിട്ടുള്ളവരുമുണ്ട്. മിക്കവാറും പേർ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളവരാണ്. അവർക്ക് ഇന്ന് നൽകിവരുന്ന ആനുകൂല്യങ്ങൾ വളരെ കുറവാണ്. നാലുവർഷം മുമ്പ് ഈ പ്രോജക്റ്റ് ആരംഭിക്കുമ്പോൾ ഗവൺമെൻറിനുണ്ടായിരുന്ന ഉദ്ദേശ്യ

LIBRARY ARCHIVES Kerala Legislative Assembly

മെന്താണെന്ന് എനിക്കറിയില്ല. ഏതായാലും ഇപ്പോൾ അവർക്ക് നൽകി വരുന്നത്, വർക്കർ എന്ന പേരിലറിയപ്പെടുന്ന ആളുകൾക്ക് 225 രൂപയും ഹെൽപ്പർ എന്ന പേരിലറിയപ്പെടുന്നവർക്ക് 90 രൂപയുമാണ്. ഒരു ബ്ലോക്കിന്റെ ഒരറ്റം മുതൽ മറ്റെയറ്റം വരെ പടർന്നു കിടക്കുന്ന പ്രദേശങ്ങളിൽ രണ്ടു രൂപയിൽ കൂടുതൽ ബസ്. ചാർജ്ജ് കൊടുത്ത് യാത്ര ചെയ്ത് ജോലിക്ക് പോകേണ്ടിവരുന്ന ഹെൽപ്പർമാർ ഉണ്ട്. അവർക്ക് ഒരു മാസം കിട്ടുന്നത് വെറും 90 രൂപ മാത്രമാണ്. അങ്ങനെയുള്ള ആളുകളുടെ ഇന്നത്തെ സ്ഥിതിവിശേഷത്തെക്കുറിച്ച് ഈ ഗവൺമെന്റ് പ്രത്യേകം പരിഗണിക്കണം.

ഇപ്പോൾ ഈ പ്രോജക്ട് പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ ഒരു സ്ഥലത്ത്, ഒരു സെന്ററിൽ 40 കുട്ടികൾ വേണമെന്നാണ് നിർദ്ദേശം. ആയിരം ജനങ്ങൾക്ക് ഒരു സെന്റർ എന്നാണ്. ഒരു സെന്ററിൽ ഒരു ഹെൽപ്പറും ഒരു വർക്കറും ഉണ്ടായിരിക്കണം. ഇപ്പോഴത്തെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തുകളിലും മുനിസിപ്പൽ ഏരിയാകളിലും എല്ലാം ഒരു ബ്ലോക്ക് അതിർത്തിയിൽ നൂറും നൂറിയിരുപതും സെന്ററുകളുണ്ട്. ആ സെന്ററുകളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത കണക്കാക്കിയോ അവരുടെ സേവനം കണക്കാക്കിയോ കൂടുതൽ ആനുകൂല്യങ്ങൾ നൽകണമെന്ന് അവരുടെ അസോസിയേഷൻ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതുവരെ ആ കാര്യങ്ങൾ പരിശോധിച്ച് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ നൽകിവരുന്ന അലവൻസ്, അത് ഓണറേറിയം എന്ന പേരിലാണ് നൽകിയിട്ടുള്ളത്. ഈ ഓണറേറിയം 225—90 എന്നുള്ളത് വർദ്ധിപ്പിക്കണം. നമ്മുടെ രാജ്യത്തെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളെങ്കിലും ഈ ബി.എ.ക്കാരും, ബി.എസ്സി.ക്കാരും എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ള വരുമായ ആളുകൾക്ക് നൽകണം. അദ്ധ്യാപകന്റെയോ അദ്ധ്യാപികയുടെയൊ പ്രവൃത്തി സമയം എടുത്തുകൊണ്ട് രാവിലെ 8 മണിമുതൽ വൈകുന്നേരം 3 മണിവരെ പ്രവൃത്തി എടുക്കുന്ന അവർക്ക് അതിനുള്ള പ്രതിഫലം കൊടുക്കേണ്ടതാണ്. സന്നദ്ധ സംഘടനകളുടെ പ്രവർത്തനമെന്ന മേൽവിലാസം ഉപയോഗിച്ച് ഇപ്പോൾ അവർക്ക് നൽകി വരുന്നത് വെറും 90 രൂപയും 225 രൂപയുമാണ്. സെന്ററുകളുടെ സ്ഥിതി വളരെ ദയനീയമാണ്. മുമ്പ് നമ്മുടെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും മുനിസിപ്പൽ കൗൺസിലർമാരും ഉണ്ടായിരുന്ന കാലത്ത് അവർ മുൻകൈയെടുത്ത് ഓരോ പ്രദേശത്തും ഇതിനാവശ്യമായ സെന്ററുകൾ കെട്ടിക്കൊടുക്കുമായിരുന്നു. എന്നാൽ ആ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ആളുകൾ ഇല്ലാത്തതുകൊണ്ട് ഇപ്പോൾ ഈ സെന്ററുകൾക്ക് അവശ്യം വേണ്ടിവരുന്ന വാടക കൊടുക്കുന്നത് ഈ 90 രൂപയിൽ നിന്നും 225 രൂപയിൽനിന്നാണെന്ന കാര്യം ഗവൺമെന്റ് മനസ്സിലാക്കണം. ഓരോ സ്ഥലത്തും ഈ സ്ഥാപനം നിലനിൽക്കണമെങ്കിൽ അതിനാവശ്യമുള്ള കെട്ടിടത്തിന് വാടക കൊടുക്കാനുള്ള ബാദ്ധ്യത ഇപ്പോൾ അംഗനവാടികളിലെ ഹെൽപ്പർമാരും വർക്കർമാരും ഏറ്റെടുക്കേണ്ടിവന്നിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

അതുപോലെതന്നെ ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഇരുന്ന് പഠിക്കാൻ കൊടുത്തിരുന്ന ജമുക്കാളം എന്ന് അറിയപ്പെടുന്ന സാധനം വർഷങ്ങൾക്കുമുമ്പ് കൊടുത്തതാണ്. പല സ്ഥലത്തും ഇപ്പോൾ അതില്ല. അതിന്റെ കഷ്ണങ്ങൾ മാത്രമാണുള്ളത് ഓരോ സ്ഥാപനത്തിലും കുട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കാവശ്യമുള്ള കളിക്കോപ്പുകളും ഇരിക്കാനുള്ള ഉപകരണങ്ങളും നേരത്തെ കൊടുക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും പല സ്ഥലങ്ങളിലും അവ എത്തിയിട്ടില്ല. ഇവിടെ പഠിക്കുന്ന കുട്ടികൾ അഞ്ചു വയസ്സിനു താഴെയുള്ളവരാണ്. ഒരു അമ്മ ചെയ്യേണ്ട മുഴുവൻ ജോലികളും, ഇവർ ചെയ്യണം. ഒരു കുട്ടിയുടെ മലമൂത്ര വിസർജ്ജനം, വൃത്തിയാക്കൽ അടക്കമുള്ള എല്ലാ കാര്യങ്ങളും അംഗനവാടികളിലെ ഹെൽപ്പർമാരും വർക്കർമാരും ചെയ്യേണ്ടതാണ്. അങ്ങനെയുള്ള സ്ഥാപനങ്ങളിൽ ആവശ്യത്തിനുള്ള ഉപകരണങ്ങളില്ല, കളിക്കോപ്പുകളില്ല. ഈ കുട്ടികൾക്ക് കൊടുക്കുന്ന ആഹാരത്തിന്റെ കാര്യത്തിൽ, മുമ്പ് നാളികേരത്തിന് വിലയുണ്ടായിരുന്ന കാലത്ത് നാളികേരം ചേർക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ നാളികേരത്തിന്റെ വില യിടിഞ്ഞപ്പോൾ അത് ചേർക്കണ്ടായെന്ന് തീരുമാനമെടുത്തിരിക്കയാണ്. അതുകൊണ്ട് ഈ സ്ഥാപനങ്ങൾക്ക് ആവശ്യത്തിനുള്ള വാടക, കുട്ടികൾക്ക് നല്ല പോഷകാഹാരം അടക്കമുള്ള ഭക്ഷണം കൊടുക്കാനുള്ള സൗകര്യങ്ങൾ, ജീവനക്കാരായുള്ള ആളുകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള വ്യവസ്ഥകൾ ഇവ ഉണ്ടാക്കണം. സർ, ഇതുമായി ബന്ധപ്പെട്ടുള്ള രണ്ടുമൂന്നു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. സെൻറർ കൾക്ക് വാടക കൊടുക്കുന്നത് ഹെൽപ്പർമാരും വർക്കർമാരുമാണ്. അത് സർക്കാർ കൊടുക്കണം. ഭക്ഷണം പാചകം ചെയ്യാനുള്ള വിറകിനുള്ള തുക വർദ്ധിപ്പിക്കണം. ഒരു കിലോ കപ്പയുടെ വില ഒന്നേകാൽ രൂപയാണ്. ഒരു കിലോ വിറകിന് ഒന്നര രൂപ വിലയുണ്ടാകും. ആ നിലയ്ക്ക് ഒരു കുട്ടിക്ക് ഭക്ഷണം പാചകം ചെയ്യാൻ മൂന്നു നയാപൈസ വച്ചിരിക്കുന്നത് മാറണം. സെൻറുകളിൽ ആവശ്യമായ കളിക്കോപ്പുകളും ഉപകരണങ്ങളും നൽകണം. സൂപ്പർവൈസർമാരെ തിരഞ്ഞെടുക്കുമ്പോൾ അവരിൽനിന്ന് കമ്മാളിഫൈഡ് ആയിട്ടുള്ളവരെ തിരഞ്ഞെടുക്കണം. ഇന്ന് പുറത്തുനിന്ന് തിരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് പാടില്ല. ഈ അടുത്ത കാലത്തായി ബാലവാടികളെ ഇതിനോട് ഉൾപ്പെടുത്തിയിരിക്കുന്നു. ബാല വാടികളെ ഇതിൽ ഉൾപ്പെടുത്തിക്കഴിഞ്ഞപ്പോൾ ബാലവാടികളിലുണ്ടാ യിരുന്ന ജീവനക്കാരെക്കൂടി അംഗൻവാടികളിൽ ഉൾപ്പെടുത്തുകയാണ്. അവരിൽ ചില ആളുകളെ ഇപ്പോൾ എടുക്കാതിരിക്കുന്നതിന് ന്യായം പറയുന്നത് വിദ്യാഭ്യാസ യോഗ്യത കുറവെന്നാണ്. പതിനഞ്ചും ഇരുപതും വർഷങ്ങൾക്കു മുമ്പ് ബാലവാടികളിൽ പ്രവർത്തിച്ചിരുന്ന പ്രായമുള്ള സ്ത്രീകളെയടക്കം ഇന്ന് വിദ്യാഭ്യാസ യോഗ്യത കുറവാണെന്നുപറഞ്ഞ് ഒഴിവാക്കാൻ പാടില്ല. അതുകൊണ്ട് അവരുടെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് ചെയ്തിട്ട് ആവശ്യമായ സംരക്ഷണ വ്യവസ്ഥകളും വേതന വർദ്ധനവും നൽകിക്കൊണ്ട് അംഗനവാടികളിലെ ജീവനക്കാരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമല): സർ, കേരളത്തിലെ ഐ.സി.ഡി.എസ് പ്രോജക്ടുകളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശോചനീയ സ്ഥിതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധ ക്ഷണിക്കലിലൂടെ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. ഐ.സി.ഡി.എസ് പ്രോജക്ട് കേന്ദ്ര ഗവൺമെൻറിന്റെ പ്രോജക്ടാണ്. 1975-ൽ ആരംഭിച്ച ഈ പ്രോജക്ട് ഇന്ന് 67 ബ്ലോക്കുകളിൽ പ്രവർത്തിച്ചുവരുന്നു. 8082-ഓളം അംഗനവാടി യൂണിറ്റുകൾ ഈ സംസ്ഥാനത്ത് പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുവരികയാണ്. ഓരോ അംഗനവാടിയിലും ഒരു വർക്കറും ഒരു ഹെൽപ്പറുമടക്കം പ്രവർത്തിച്ചു വന്നിരുന്നിടത്ത് വാസ്തവത്തിൽ 1975 മുതൽ കഴിഞ്ഞവർഷംവരെ ലഭിച്ചിരുന്നത്, വർക്കർമാർക്ക് 175 രൂപയും ഹെൽപ്പർമാർക്ക് 50 രൂപയുമായിരുന്നു. അഖിലേൻഡ്യാ സാമൂഹ്യ ക്ഷേമ വകുപ്പു മന്ത്രിമാരുടെ കോൺഫറൻസിൽ കേരളത്തിലെ മന്ത്രി എന്നുള്ള നിലയിൽ, കേരളത്തിലാണ് ഈ പ്രോജക്ട് ഏറ്റവും വിജയകരമായി പ്രവർത്തിക്കുന്നത്, ഇത്രയേറെ ബ്ലോക്കുകളിൽ ഇത് വ്യാപിപ്പിച്ചിട്ടുണ്ട് എന്ന് ശക്തിയായി ഞാൻ അഭിപ്രായം ഉന്നയിക്കുകയും ചെയ്തതുകൊണ്ടാണ് 250 രൂപ വർക്കർമാർക്കും 90 രൂപ ഹെൽപ്പർമാർക്കും ലഭിക്കാൻ ഇടയായത്. ബഹുമാന്യയായ അന്തരിച്ചുപോയ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയാണ് ഇൻഡ്യയിലുടനീളം ഈ പ്രോജക്ട് കൊണ്ടുവന്നത്. അവകാശവാദത്തോടുകൂടി ഞാൻ പറയുകയാണ് അവരുടെ സൻമനസുകൊണ്ടും കേരളത്തിന്റെ ശബ്ദം ഉയർത്തിയതുകൊണ്ടുമാണ് ഇത് വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. 1975 മുതൽ 1984 വരെ കീട്ടിയിരുന്നത് അതാണ്. 1-1-1985 മുതലാണ് വർക്കർമാർക്ക് 225 രൂപയും ഹെൽപ്പർമാർക്ക് 90 രൂപയുമായി വർദ്ധിപ്പിക്കുവാൻ സാധിച്ചത്. കഴിഞ്ഞ ബാംഗ്ലൂർ കോൺഫറൻസിൽ ഈ പ്രശ്നം ശക്തമായി ഞാൻ ഉന്നയിച്ചിട്ടുണ്ട്. ഇതിലെ ജീവനക്കാർക്കുനൽകുന്നത് ഓണറേറിയമാണ്, അവർ ഗവൺമെന്റ് ജീവനക്കാരല്ല, സന്നദ്ധ സംഘടനകളിലെ പ്രവർത്തകരെയും സാമൂഹ്യക്ഷേമ പ്രവർത്തകരെയുമാണ് ഇതിനായി എടുക്കുന്നത്. അതിന്റെ പ്രത്യേക നോട്സ് അതാണ്. അതുകൊണ്ട് എന്തെങ്കിലും വർദ്ധിപ്പിക്കണമെന്ന് ഇന്നത്തെ കേന്ദ്രമന്ത്രി ശ്രീമതി മാർഗരറ്റ് ആൽവയോട് ബാംഗ്ലൂർ കോൺഫറൻസിൽ ഞാൻ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. തീർച്ചയായും പരിഗണിക്കാമെന്ന് അവർ മറുപടിയും തന്നിട്ടുണ്ട്. കൂടാതെ ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത് വാടകയ്ക്കുള്ള കൊച്ചു കൂരകളിലാണ്. റൂറൽ ഡെവലപ്പ്മെന്റ് പദ്ധതി അനുസരിച്ച് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റിന്റെ സഹായത്തോടുകൂടി കേന്ദ്ര തലത്തിൽ ഒരു തീരുമാനമെടുത്ത് നല്ല ശുചിയുള്ള കൊച്ചു കൊച്ചു കെട്ടിടങ്ങൾ ഇതിനായി നിർമ്മിക്കാമെന്ന് കഴിഞ്ഞ കോൺഫറൻസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. ഇതു രണ്ടിനും പരിഹാരമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. കൂടാതെ കേരളമാസകലമുള്ള സാമൂഹ്യ ക്ഷേമപ്രവർത്തകർ പല ബ്ലോക്കിലും 60 ശതമാനംവരെ ഈ സെന്ററിനുള്ള കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്, പല ആളുകളും ഇതിന് മുന്നോട്ട് വന്നിട്ടുണ്ട്. ഇതൊരു ജനകീയ പദ്ധതിയാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി അവരുടെ സഹകരണത്തോടുകൂടിയാണ് നടക്കുന്നത്. ഏകദേശം ഏഴരലക്ഷം കുട്ടികളുടെയും ഏകദേശം 80,000 അമ്മമാരുടെയും സംരക്ഷണവും, ഭക്ഷണവും സൗജന്യ ചികിത്സയും രോഗ പ്രതിരോധ നടപടികളും ഡോക്ടർമാരുടെ സേവനവുമെല്ലാം ലഭ്യമാകുന്ന ഓരോ യൂണിറ്റിലും 40 കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം കൊടുക്കുന്ന ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി വളരെ നന്നായി നടത്തണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം. കേന്ദ്ര ഗവൺമെന്റ് വേണ്ട താല്പര്യം ഇതിൽ കാണിച്ചിട്ടുണ്ട്. കുട്ടികൾക്ക് മരുന്നുമേടിക്കുന്നതിന് 300 രൂപ വീതവും, കളിക്കോപ്പുകൾ മേടിക്കുന്നതിന് 150 രൂപ വീതവും കൊടുത്തുവരുന്നുണ്ട്. തന്നെയുമല്ല ഇന്ന് 120 രൂപ പട്ടണ പ്രദേശങ്ങളിലും 100 രൂപ ഗ്രാമപ്രദേശങ്ങളിലും വാടകയായി കൊടുക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ സംഘടിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച് കൊടുക്കുന്നുണ്ട്. ഇതിന് പോരായ്മകളുണ്ട്, സാമ്പത്തിക വൈഷമ്യങ്ങളുണ്ട്. ഇത് കേന്ദ്ര പദ്ധതിയാണ്. ലക്ഷക്കണക്കിന് ആളുകൾക്ക്—അമ്മമാർക്കും കുട്ടികൾക്കും, അതുപോലെ യുവതികൾക്കും—ഗുണം ലഭിക്കുന്നതായ പദ്ധതിയിലുള്ള പോരായ്മകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിച്ച് അവരെ രക്ഷിക്കുന്നതിനുള്ള എല്ലാ പരിശ്രമവും ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടാകും. ഇത് നമ്മുടെ ജനപ്രതിനിധികളുടെ കൂടി സഹകരണമുണ്ടാവുകയാണെങ്കിൽ വളരെയധികം സഹായകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്ന ഒരു ശാശ്വത പദ്ധതിയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ഉൽക്കണ്ഠയ്ക്ക് കാര്യമില്ല. ഞാൻ ആവർത്തിച്ച് പറയുന്നു, ഇത് ഗവൺമെൻറ് ജീവനക്കാരല്ല. ഒറീസാ, ബീഹാർ, രാജസ്ഥാൻ തുടങ്ങിയ സ്റ്റേറ്റുകളിൽപ്പോലും മലയാളികളായ കുട്ടികളാണ് അവിടെ പോയി ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും വളരെ ഗൗരവമായി ഗവൺമെൻറ് കണക്കിലെടുക്കുന്നതും ഇവരെ സഹായിക്കുന്നതുമാണ്. അവരുടെ അസോസിയേഷൻെറ ഒരു നിവേദനം, ഗവൺമെൻറിൻെറ മുമ്പിലുണ്ട്. ഇത് സ്ഥാന ഗവൺമെൻറിനുമാത്രം പരിഹരിക്കുവാൻ കഴിയുന്ന ഒന്നല്ലായെന്ന് അവർക്ക് മറുപടിയും അയച്ചുകൊടുത്തിട്ടുണ്ട്. തീർച്ചയായും അവരുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതാണ്. അവർക്ക് പ്രൊമോഷൻ സാദ്ധ്യതയുണ്ട്. ഹൈലി കാളിഫൈഡ് ആയിട്ടുള്ള കുട്ടികളെ സൂപ്പർവൈസർമാരായും ആരോഗ്യ വകുപ്പിലെ എ.എൻ.എം. ആയും മറ്റും സെലക്ഷൻ കൊടുക്കുന്നതിനും ഗവൺമെൻറ് നടപടിയെടുത്തു വരികയാണ്. അതുകൊണ്ട് ഇത്തരത്തിൽ ഒരു ഉത്കണ്ഠയ്ക്ക് കാര്യമില്ല. നമ്മുടെ നാട്ടിൻെറ ഏറ്റവും ആവശ്യമായിട്ടുള്ള സ്ത്രീകളെയും കുട്ടികളെയും ബാധിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസം കൊടുക്കുന്ന ഈ പദ്ധതി കാര്യക്ഷമമായി കൊണ്ടുവരുന്നതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണം. ഗവൺമെൻറിൻെറ കഴിവുകൂടി ഇതിനായി ഉപയോഗിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. കെ. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് ഒരു കാര്യം കൂടി ഓർമ്മിപ്പിക്കുകയാണ്. ഈ സൂപ്പർവൈസർമാരെ നിയമിക്കുമ്പോൾ ഇതിനകത്ത് 'കാളിഫൈഡ്' ആയിട്ടുള്ള ആളുകളെയെടുക്കണം. മാത്രമല്ല അവരിൽ പല ആളുകളും വിദ്യാഭ്യാസ യോഗ്യതയുള്ളവരായതുകൊണ്ട് ഒരു പ്രൈമറി സ്കൂൾ ടീച്ചറിന് കിട്ടുന്ന ആനുകൂല്യം കൊടുക്കാനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറാണോ?

ശ്രീമതി എം. കമലം: സർ, ചോദ്യം ഞാൻ കേട്ടില്ല.

ശ്രീ. എം. കെ. കേശവൻ: സർ, പ്രൈമറി സ്കൂൾ ടീച്ചറിന് കിട്ടുന്ന ആനുകൂല്യം ഇവർക്ക് കിട്ടാൻ വേണ്ടിയുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൻെറ സോഷ്യൽ വെൽഫയർ ബോർഡിൻെറ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീമതി എം. കമലം: സൂപ്പർവൈസർമാരെ ഉദ്ദേശിച്ചാണോ ചോദിക്കുന്നത്?

ശ്രീ. എം. കെ. കേശവൻ: സൂപ്പർവൈസർമാരെ ഇതിൽ നിന്നുതന്നെ നിയമിക്കണം.

ശ്രീമതി എം. കമലം: സൂപ്പർവൈസർമാരെ നിയമിക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ്. അവർ ഹൈലി കാളിഫൈഡ് ആയിട്ടുള്ള കുട്ടികളാണ്, അവർ ഗവൺമെൻറ് ജീവനക്കാരാണ്. അംഗൻവാടികളിൽ കാളിഫൈഡായിട്ടുള്ള കുട്ടികളുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു അനുപാതം വച്ചുകൊണ്ട് അവരെ എടുക്കുന്നതിന് ഗവൺമെൻറ് നടപടിയെടുത്തു വരികയാണ്. അവർ സൂപ്പർവൈസറായി വരുമ്പോൾ അവർക്ക് ഉയർന്ന ശമ്പളം ലഭിക്കുന്നതാണ്.

(2) തൃശ്ശൂർ ജില്ലയിൽ വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: തലപ്പള്ളി താലൂക്കിലെ പ്രധാനമായ കൃഷി കമുകും നെല്ലുമാണ്. കഴിഞ്ഞ കൊല്ലത്തെ ദീർഘിച്ച വേനൽ കാരണം ആയിരക്കണക്കിന് കവുങ്ങുകൾ നനയ്ക്കാൻ സാദ്ധ്യമല്ലാതെ ഉണങ്ങിപ്പോകുകയുണ്ടായി. 25-ഉം അൻപതും സെൻറ് സ്ഥലങ്ങളുടെ ഉടമകളാണ ഈ തോട്ടങ്ങളിൽ 99 ശതമാനവും. അങ്ങനെ ഉണങ്ങിപ്പോയ കവുങ്ങുകൾക്ക് പുറമേ ഉണങ്ങാതെ നിൽക്കുന്ന കവുങ്ങുകളിൽ ഒന്നൊന്നര അടയ്ക്കപോലും ഇക്കൊല്ല കിട്ടാൻ സാദ്ധ്യതയില്ല. പത്തോ, പതിനഞ്ചോ ദിവസം നനയ്ക്കാൻ സാധിക്കാതെ വന്നാൽ എല്ലാ അടയ്ക്കയും കൊഴിഞ്ഞ് പോകും. ഈ കൊല്ലത്തിൽ ഈ കവുങ്ങുതോട്ടങ്ങൾ മുഴുവനായി നശിച്ചുപോയി. ഉണങ്ങാതെ നിൽക്കുന്ന, മരണ ശയ്യയിൽ നിൽക്കുന്ന കവുങ്ങുകളിൽ നിന്ന് ഒരു ആദായവും കിട്ടാൻ സാദ്ധ്യമല്ല. അങ്ങനെ കഷ്ടപ്പെടുന്നവർക്ക് ഈ ഉണങ്ങിയ തോട്ടങ്ങൾ വീണ്ടും വച്ച് പിടിപ്പിക്കുവാനുള്ള സഹായങ്ങൾ നൽകുകയും അതുമാതിരി കവുങ്ങ് നശിച്ച പറമ്പുടമസ്ഥരിൽ നിന്ന് സൊസൈറ്റികളും മറ്റും ഈടാക്കാനുള്ള കടങ്ങൾക്ക് സമയം അനുവദിക്കുകയും ചെയ്തുകൊണ്ട് അവരെ രക്ഷിക്കണം. അതുമാതിരി താന്ന പൊന്നാനി കോൾനിലങ്ങളെന്ന പേരിൽ അറിയപ്പെടുന്ന ആയിരത്തോളം ഹെക്ടർ നിലം പുഞ്ചക്കോളാണ്, ഈ വേനലിൻറെ ആധിക്യം കാരണം തീരെ നശിച്ചുപോയി. അതിൽതന്നെ നാന്നൂറോളം ഹെക്ടർ തലപ്പള്ളി താലൂക്കിൽപ്പെട്ട പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. അങ്ങനെ നശിച്ച നെൽകൃഷിക്കാരുടെ സാമ്പത്തിക സ്ഥിതി വീണ്ടും എഴുന്നേൽക്കാൻ സാധിക്കാത്ത വിധത്തിൽ അത്ര ശോചനീയമായിരിക്കുകയാണ്. അവരെയും സഹായിക്കുന്നതിന് വേണ്ട നടപടികളും കൃഷിവകുപ്പുമന്ത്രി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): വേണ്ടത്ര മഴ കിട്ടാതിരുന്നതുമൂലം തലപ്പള്ളി താലൂക്കിലെ കാട്ടകാമ്പാൽ, പഴഞ്ഞി എന്നീ വില്ലേജുകളിലെ കോൾനിലങ്ങളിൽ കൃഷി ചെയ്തിരുന്ന നെൽകൃഷി നശിച്ചുപോയിട്ടുണ്ട്. 382 ഹെക്ടർ പ്രദേശത്തെ കൃഷിയാണ് ഇപ്രകാരം നശിച്ചുപോയിട്ടുള്ളത്. അൻപത് ശതമാനത്തിൽ കൂടുതൽ കൃഷിനാശം സംഭവിച്ച കൃഷിക്കാർ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായനിധിയിൽ നിന്നും സഹായം ലഭിക്കാൻ അർഹരായവരാണ്. 531 കർഷകരിൽ നിന്നുള്ള അപേക്ഷകളും പരിശോധന നടത്തിക്കഴിഞ്ഞു. ഇവർക്ക് സഹായം നൽകാൻ 1,14,600 രൂപ വേണ്ടിവരും. മുൻപ് പറഞ്ഞ വില്ലേജുകളിലെ കവുങ്ങ് കൃഷിയേയും വേനൽ ബാധിച്ചിട്ടുണ്ട്. രണ്ടായിരം കവുങ്ങുമരങ്ങൾ നശിച്ചുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് സംബന്ധമായി 278 അപേക്ഷകൾ പരിശോധിച്ചു കഴിഞ്ഞിട്ടുണ്ട്. അവർക്ക് ധനസഹായം നൽകാൻ അൻപതിനായിരം രൂപ വേണ്ടിവരും. ഈ കർഷകർക്ക് അടിയന്തിരമായി ധനസഹായം സർക്കാർ എത്തിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly